നം. എ2/1418/2015/റ്റിബിഒ

പാഠപുസ്തക ഓഫീസറുടെ കാര്യാലയം,
പത്മവിലാസം, ഫോർട്ട്, തിരുവനന്തപുരം,
തീയതി : 01.01.2016.
ഫോൺ നം. 0471 2450027
textbookofficer@gmail.com

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം -2016-17 വർഷത്തേക്കാവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾ ഐടി സ്കൂൾ വെബ്സൈറ്റിൽ ഓൺലൈനായി ഇൻഡന്റിംഗ് നൽകുന്നത് സംബന്ധിച്ച്.

സൂചന:- 22.12.15 ലെ ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ ഓഫീസിൽ കൂടിയ യോഗത്തിലെ തീരുമാനം.

2016-17 അദ്ധ്യയന വർഷത്തേക്കാവശ്യമായ 1 മുതൽ 10 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റ് സ്കൂളുകളിൽ നിന്നും ഐടി സ്കൂൾ വെബ്സൈറ്റിൽ ഓൺലൈനായി216 ജനുവരി 2 മുതൽ 8 വരെ നൽകാവുന്നതാണ്. സ്കൂളുകളിൽ നിന്നും ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**സർക്കാർ/എയ്ഡഡ് സ്കൂളുകൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ**

മുൻ വർഷത്തെ പോലെ തന്നെ 2016-17 അദ്ധ്യയന വർഷത്തേക്കും ഓരോ സ്കൂളുകൾക്കും ആവശ്യമായ പാഠപുസ്തകങ്ങൾക്കുള്ള ഇൻഡന്റിംഗ് അതാത് സ്കൂളുകളിൽ നിന്നും നേരിട്ട് www.itschool.gov.in എന്ന വെബ്സൈറ്റിലാണ് നൽകേണ്ടത്.

**ഇൻഡന്റിംഗിനുള്ള വിവിധ ഘട്ടങ്ങൾ**

www.itschool.gov.in എന്ന വെബ്സൈറ്റിൽ Text Book Suply and Monitoring System എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് അതാത് സ്കൂളുകൾക്കുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ചാണ് ലോഗിൻ ചെയ്യേണ്ടത്. അതിനു ശേഷം സ്കൂൾ ഏത് സൊസൈറ്റിയുടെ കീഴിലാണ് വരുന്നതെന്ന് ക്ലിക്ക് ചെയ്ത് തെരഞ്ഞെടുക്കേണ്ടതുമാണ്. തുടർന്ന് എൻട്രി ഫോം ലിങ്കിൽ ക്ലിക്ക് ചെയ്ത് സ്റ്റാൻഡേർഡ് സെലക്ട് ചെയ്യുമ്പോൾ അതാത് സ്റ്റാൻഡേർഡിൽ വരുന്ന ടൈറ്റിലുകൾ ലഭ്യമാകും. ഇതിൽ No. of books required എന്ന കോളത്തിൽ ഓരോ ടൈറ്റിലിലും വേണ്ട ബുക്കുകളുടെ എണ്ണം എന്റർ ചെയ്ത് സേവ് ചെയ്യേണ്ടതാണ്. Total students of Sampoorna എന്ന തലക്കെട്ടിൽ കാണുന്ന കുട്ടികളുടെ എണ്ണം സമ്പൂർണ്ണ പ്രകാരം 2016-17 വർഷത്തേക്ക് വരാവുന്ന കുട്ടികളുടെ എണ്ണമായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എല്ലാ സ്കൂളുകളും അവരവരുടെ സൊസൈറ്റി മാപ്പ്

ചെയ്തു എന്നത് ഉറപ്പുവരുത്തണം. **9, 10 ക്ലാസ്സുകളിലെ അതാത് വിഷയങ്ങളെടുക്കുന്ന അധ്യാപകരുടെ എണ്ണമനുസരിച്ച് ഓരോ അദ്ധ്യാപകർക്കും ഒരു ബുക്ക് വീതം അധികമായി ഇൻഡന്റ് ചെയ്യാവുന്നതാണ്.** 2015-16 വർഷത്തിലെ ആറാം സാദ്ധ്യായ ദിവസത്തെ കുട്ടികളുടെ എണ്ണം ഐടിസ്കൂൾ അധികൃതർക്ക് അറിവുള്ളതാണ്. 2015-16 അദ്ധ്യയന വർഷത്തേക്കുള്ള കുട്ടികളുടെ എണ്ണം ഇൻഡന്റ് ചെയ്തപ്പോൾ സ്കൂൾ പ്രഥമാദ്ധ്യാപകർ എണ്ണത്തിന് ആനുപാതികമല്ലാതെ കൂടുതൽ പാഠപുസ്തകങ്ങൾക്ക് ഇൻഡന്റ് നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. **2016-17 അധ്യയന വർഷത്തിൽ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി കൃത്യമായ പാഠപുസ്തകങ്ങൾ മാത്രം ഇൻഡന്റിംഗ് നടത്താനാണ് തീരുമാനിച്ചിരിക്കുന്നത്. ആതിനാൽ, സ്കൂൾ പ്രധാനാധ്യാപകർ കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി മാത്രം പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.** അല്ലാത്ത രീതിയിൽ ഇൻഡന്റിംഗ് നടത്തുന്നത് ഗൗരവമായി കണക്കാക്കുന്നതാണ്. മാത്രമല്ല 8.1.2016 നു ശേഷം തിരുത്തലുകൾ വരുത്തുന്നതിനും എഡിറ്റിംഗിനും യാതൊരു കാരണവശാലും സമയം അനുവദിക്കുന്നതുമല്ല. ആയതിനാൽ അപ്ഗ്രേഡ് ചെയ്ത ഇൻഡന്റിന്റെ പകർപ്പ് അതാത് പ്രധാനാധ്യാപകർ എടുത്ത് ഒപ്പുവച്ച് സൂക്ഷിക്കേണ്ടതാണ്.

## അംഗീകാരമുള്ള അൺഎയിഡഡ്/സി.ബി.എസ്.ഇ. സ്കൂളുകൾക്ക് ഇൻഡന്റിംഗ് നടത്തുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ

അംഗീകാരമുള്ള അൺഎയിഡഡ് സ്കൂളുകളും സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് മുകളിൽ പറഞ്ഞ രീതിയിൽ ആവശ്യമുള്ള പാഠപുസ്തകങ്ങളുടെ എണ്ണം രേഖപ്പെടുത്തി സേവ് ചെയ്ത് ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്.

സി.ബി.എസ്.ഇ. സ്കൂളുകളും അവർക്ക് ആവശ്യമായ ഭാഷാ വിഷയങ്ങളിലെ പുസ്തകങ്ങൾക്കായി www.itschool.gov.in എന്ന വെബ്സൈറ്റിൽ സി.ബി.എസ്.ഇ. സ്കൂൾ ടെക്സ്റ്റുബുക്ക് ഇൻഡന്റിംഗ് രജിസ്ട്രേഷൻ എന്ന ലിങ്കിൽ പ്രവേശിച്ച് അവരുടെ സ്കൂൾ ആദ്യം രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്റ്റർ ചെയ്യുമ്പോൾ ലഭ്യമാകുന്ന സ്കൂൾ കോഡ്, സ്കൂൾ ഐഡി എന്നിവ ഉപയോഗിച്ച് ലോഗിൻ ചെയ്ത് ഇൻഡൻറ് രേഖപ്പെടുത്താവുന്നതാണ്. ഇത്തരത്തിലുള്ള സ്കൂളുകളുടെ ഇൻഡന്റിംഗ് 2.1.2016 മുതൽ 8.1.2016 വരെ വെബ്സൈറ്റിൽ നൽകാവുന്നതാണ്.

9,10 ക്ലാസ്സുകളിലെ പാഠപുസ്തകങ്ങൾക്കുള്ള വില അടയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങൾ പിന്നാലെ ഇതേ വെബ്സൈറ്റിൽ നൽകുന്നതായിരിക്കും.

**ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ :-**

ജില്ലാ വിദ്യാഭ്യാസ ആഫീസർ, ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ എന്നിവർ അവർക്ക് നൽകിയിട്ടുള്ള സമ്പൂർണ്ണ യൂസർ നെയിമും പാസ്‌വേഡും ഉപയോഗിച്ച് ഐടിസ്കൂൾ വെബ്സൈറ്റിൽ ലോഗിൻ ചെയ്ത് അവരുടെ അധികാര പരിധിയിൽ വരുന്ന സ്കൂളുകളുടെ ഇൻഡന്റിംഗ് പൂർത്തിയായിട്ടുണ്ടെന്ന് 13.1.2016 ന് മുമ്പ് ഉറപ്പാക്കേണ്ടതാണ്. അതിനു ശേഷം confirm ലിങ്കിൽ ക്ലിക് ചെയ്ത് confirmation നൽകേണ്ടതാണ്.

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും തങ്ങളുടെ റവന്യൂ ജില്ലയിലെ എല്ലാ പ്രഥമാധ്യാനകരും യഥാസമയത്തു തന്നെ ഇൻഡന്റ് പൂർത്തീകരിച്ചുവെന്ന് ഉറപ്പാക്കേണ്ടതാണ്.

***Indenting/Confirmation* സമയക്രമം**

1. ഗവ./എയ്ഡഡ്/അംഗീകാരമുള്ള അൺഎയ്ഡഡ് സ്കൂളുകൾ – **2.1.2016 മുതൽ 8.1.2016 വരെ**
2. സി.ബി.എസ്.ഇ. സ്കൂളുകൾ – **2.1.2016 മുതൽ 8.1.2016 വരെ**
3. ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർ കൺഫർമേഷൻ നടത്തേണ്ട തീയതി –**12.1.2016 മുതൽ 13.1.2016 വരെ**

അനുവദനീയമായ സമയപരിധിക്കുള്ളിൽ ഓരോ സ്കൂളുകളിൽ നിന്നും അടുത്ത വർഷത്തേക്കാവശ്യമായ പാഠപുസ്തകങ്ങളുടെ ഇൻഡന്റിംഗ് പൂർത്തിയാക്കേണ്ടതാണ്. ഒരു കാരണവശാലും നിശ്ചിത തീയതിക്കു ശേഷം പാഠപുസ്തക ആവശ്യാർത്ഥം മറ്റൊരു ഇൻഡന്റിംഗ് സംവിധാനം സ്കൂളകൾക്ക് ഏർപ്പെടുത്തുന്നതല്ല.

**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി**

1/1/16

**പാഠപുസ്തക ആഫീസർ**
**തിരുവനന്തപുരം**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും

എല്ലാ ജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
ഉപജില്ലാ വിദ്യാഭ്യാസ ആഫീസർമാർക്കും
} തങ്ങളുടെ അധികാരാതിർത്തിയിലുള്ള എല്ലാ പ്രഥമാധ്യാപകർക്കും സർക്കുലർ അയച്ചു കൊടുക്കേണ്ടതാണ്

ghs muttom blog